Syro Malabar Commission for Liturgy



# പരിശുദ്ധ കന്യകാമറിയത്തിന്റെ മംഗളവാർത്താത്തിരുനാൾ

ദൈവവചനമാകുന്ന പ്രകാശരശ്മി കന്യകാമറിയത്തിന്റെ കാതുകളിലേക്ക് ചാഞ്ഞിറങ്ങുന്ന തരത്തിലുള്ള ചിത്രങ്ങൾ മംഗളവാർത്തയുമായി ബന്ധപ്പെട്ട് മദ്ധ്യശതക യൂറോപ്യൻ കലകളിൽ കാണുവാൻ കഴിയും. കന്യകാമാതാവ് ഈശോയെ ഗർഭം ധരിക്കുവാനുള്ള കാരണം അവളുടെ കാതുകൾ ഗബ്രിയേൽ ദൂതന്റെ വാക്കുകളെ ശ്രവിക്കുകയും സ്വീകരിക്കുകയും ചെയ്തതു എന്നതാണ്. ഇതിന്റെ പശ്ചാത്തലത്തിൽ ഹവ്വായുടെയും കന്യകാമറിയത്തിന്റെയും കാതുകൾ തമ്മിലുള്ള വൈരുദ്ധ്യം സുറിയാനി സഭാപിതാവായ മാർ അപ്രേം വർണിക്കുന്നു. ആദിമാതാവായ ഹവ്വാ സർപ്പത്തിന്റെ വാക്കുകൾ ശ്രവിച്ചതുമൂലം അവളുടെ കാതുകളിലേക്ക് സർപ്പം വിഷം ഒഴിച്ചുകൊടുക്കുകയും, തന്മൂലം ലോകത്തിൽ മരണം പ്രവേശിക്കുകയും ചെയ്തു. എന്നാൽ പരിശുദ്ധ കന്യകാമറിയം ഗബ്രിയേൽ ദൂതന്റെ വാക്കുകൾ ശ്രവിച്ചപ്പോൾ, ദൂതൻ അവളുടെ കാതുകളിലേക്ക് മംഗളവാർത്തയുടെ ഔഷധം ഒഴിച്ചുകൊടുക്കുകയും അങ്ങനെ ജീവൻ ലോകത്തിലേയ്ക്ക് പുന:പ്രവേശിക്കുകയും ചെയ്തു. ഹവ്വായുടെ കാതുകളാകുന്ന ഉദരത്തിലൂടെ മരണം ലോകത്തിലേക്ക് പ്രവേശിച്ചുവെങ്കിൽ മറിയത്തിന്റെ കാതുകളിലൂടെ ജീവൻ ലോകത്തിലേക്ക് പ്രവേശിച്ചുവെന്നാണ് മാർ അപ്രേം പറയുന്നത്. സ്ത്രീയിലൂടെ മരണം പ്രവേശിച്ചതുപോലെ മറ്റൊരു സ്ത്രീയിലൂടെ തന്നെ ജീവൻ തിരിച്ചു വരുന്നതായി വത്തിക്കാൻ കൗൺസിൽ പ്രമാണരേഖയും അടയാളപ്പെടുത്തുന്നു (തിരുസഭ 56, 61). അന്ത്യോക്യൻപാരമ്പര്യമനുസരിച്ച് മാതാവിന്റെ മംഗളവാർത്താത്തിരുനാൾ (വചനിപ്പ് പെരുന്നാൾ) ദിനമായ മാർച്ച് 25 ന് ദുഃഖവെള്ളിയാഴ്ച വരികയാണെങ്കിൽ പോലും, അന്നേദിവസം വചനിപ്പ് പെരുന്നാളിനോടനുബന്ധിച്ചുള്ള വി. കുർബാന അർപ്പിക്കാമെന്നത് ഈ തിരുനാളിന്റെ പ്രാധാന്യം വ്യക്തമാക്കുന്നു. മാതൃഭക്തിയിൽ വളരാനും വചനമായ മിശിഹായ്ക്ക് ശുശ്രൂഷ ചെയ്യാനും നമുക്ക് പരിശ്രമിക്കാം.

ആരാധനക്രമകമ്മീഷൻ
മൗണ്ട് സെന്റ് തോമസ്,കാക്കനാട്

Read more:www.syromalabarliturgy.org